**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **08-12-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിലെ മാനന്തവാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 62.കി.മി റോഡ് കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുന്നതിന് 30.12.2017-ലെ സ.ഉ(സാധാ)നം.74/2017/ പൊ.മ.വ പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ഇതിന്റെ വിശദ പദ്ധതി രേഖ(D.P.R) തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള IDeCK എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുന്നതിലെ സൗകര്യത്തിനായി ചുവടെ ചേർക്കും പ്രകാരം മൂന്ന് സ്ട്രെച്ചുകളായി തിരിച്ചാണ് നിലവിലെ D.P.R തയ്യാറാക്കൽ പുരോഗമിക്കുന്നത്.<br><br>സ്ട്രെച്ച് - 1. മാനന്തവാടി - ബോയ്സ് ടൗൺ - വയനാട് ജില്ല<br><br>സ്ട്രെച്ച്-2 ബോയ്സ് ടൗൺ മുതൽ അംബായത്തോട് വരെ - കണ്ണൂർ ജില്ല<br><br>സ്ട്രെച്ച് - 3 അംബായത്തോട് മുതൽ മട്ടന്നൂർ വരെ - കണ്ണൂർ ജില്ല.<br><br>ഇതിൽ സ്ട്രെച്ച് 1-ന്റെ ഡി.പി.ആർ 04.06.2022-ൽ കിഫ്ബിക്ക് സമർപ്പിച്ചതിനെ തുടർന്ന് ആയത് വിശദ പരിശോധനയ്ക്ക് വിധേയമാക്കി 01.11.2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്(TAR) നൽകിയിട്ടുണ്ട്. ആയത് പ്രകാരം മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് പുനർസമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | സ്ട്രെച്ച് - 2 - ഈ ഭാഗം ഹിൽഹൈവേയുടെ ഭാഗമായി വരുന്നതാണ്. പാൽച്ചുരം ബൈപ്പാസ് ഉൾപ്പെടുന്നതാണ് ഈ റീച്ച്. ഈ സ്ട്രച്ചിന്റെ ഡി.പി.ആർ 08.06.2022-ൽ കിഫ്ബിക്ക് സമർപ്പിച്ചത് കിഫ്ബിയുടെ വിശദ പരിശോധനയിലാണ്.<br><br>സ്ട്രെച്ച് - 3 - ഡി.പി.ആർ 08-06-2022-ൽ കിഫ്ബിക്ക് സമർപ്പിക്കുകയും, വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി 23.09-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് കൈമാറിയിട്ടുണ്ട്. ഈ സ്ട്രച്ചിന്റെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗതിയിലുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വയനാട് ജില്ലയിലെ മാനന്തവാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 62.കി.മി റോഡ് കണ്ണൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുന്നതിന് 30.12.2017-ലെ സ.ഉ(സാധാ)നം.74/2017/ പൊ.മ.വ പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ഇതിന്റെ വിശദ പദ്ധതി രേഖ(D.P.R) തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള IDeCK എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുന്നതിലെ സൗകര്യത്തിനായി ചുവടെ ചേർക്കും പ്രകാരം മൂന്ന് സ്ട്രെച്ചുകളായി തിരിച്ചാണ് നിലവിലെ D.P.R തയ്യാറാക്കൽ പുരോഗമിക്കുന്നത്.<br><br>സ്ട്രെച്ച് - 1. മാനന്തവാടി - ബോയ്സ് ടൗൺ - വയനാട് ജില്ല<br><br>സ്ട്രെച്ച്-2 ബോയ്സ് ടൗൺ മുതൽ അംബായത്തോട് വരെ - കണ്ണൂർ ജില്ല<br><br>സ്ട്രെച്ച് - 3 അംബായത്തോട് മുതൽ മട്ടന്നൂർ വരെ - കണ്ണൂർ ജില്ല.<br><br>ഇതിൽ സ്ട്രെച്ച് 1-ന്റെ ഡി.പി.ആർ 04.06.2022-ൽ കിഫ്ബിക്ക് സമർപ്പിച്ചതിനെ തുടർന്ന് ആയത് വിശദ പരിശോധനയ്ക്ക് വിധേയമാക്കി 01.11.2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്(TAR) നൽകിയിട്ടുണ്ട്. ആയത് പ്രകാരം മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് പുനർസമർപ്പിക്കുന്നതാണ്.<br><br>സ്ട്രെച്ച് - 2 - ഈ ഭാഗം ഹിൽഹൈവേയുടെ ഭാഗമായി വരുന്നതാണ്. പാൽച്ചുരം ബൈപ്പാസ് ഉൾപ്പെടുന്നതാണ് ഈ റീച്ച്. ഈ സ്കീമിന്റെ ഡി.പി.ആർ 08.06.2022-ൽ കിഫ്ബിക്ക് സമർപ്പിച്ചത് കിഫ്ബിയുടെ വിശദ പരിശോധനയിലാണ്.<br><br>സ്ട്രെച്ച് - 3 - ഡി.പി.ആർ 08-06-2022-ൽ കിഫ്ബിക്ക് സമർപ്പിക്കുകയും, വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി 23.09-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് കൈമാറിയിട്ടുണ്ട്. ഈ സ്കീമിന്റെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗതിയിലുമാണ്. |

സെക്ഷൻ ഓഫീസർ